**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1863** **08-10-2021 - ൽ മറുപടിയ്ക്ക്**

**പശുക്കൾക്ക് ഇൻഷുറൻസ് സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലുല്പാദനത്തിനായി ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിക്കുന്ന പശുക്കൾക്ക് ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | പാലുല്പാദനത്തിനായി ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിക്കുന്ന പശുക്കൾക്ക് ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ കന്നുകാലികളെ ഇൻഷ്വർ ചെയ്യുവാനായി മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഗോസമൃദ്ധി-എൻ.എൽ.എം' ഇൻഷ്വറൻസ് പദ്ധതി. ഇതിൽ 7 ലിറ്ററിനു മുകളിൽ പാലുത്പ്പാദിപ്പിക്കുന്ന 2 വയസ്സ് മുതൽ 10 വയസ്സുവരെ പ്രായമുള്ള കറവപ്പശുക്കളെയോ 7 മാസത്തിനു മുകളിൽ ചെനയുള്ള കിടാരികളെയോ ഇൻഷ്വർ ചെയ്യാവുന്നതാണ്. പ്രീമിയം തുകയിൽ 50% സബ്സിഡി നൽകുന്നതിനായി 5 കോടി രൂപ ഈ പദ്ധതിക്കായി സർക്കാർ ഓരോ വർഷവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ